(ബി) കുടിശ്ശിക പെൻഷൻ നൽകി വരുന്നു. 1-8-2002 മുതൽ 31-10-2002 വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശിക സർക്കാർ ഇപ്പോൾ അനുവദിച്ചു ഉത്തരവായിട്ടുണ്ട്. അത് വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു, 1-11-2002 മുതൽ മൂന്നു മാസക്കാലത്തെ കുടിശ്ശിക കൂടി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിലെ കുറഞ്ഞ വേതനം പരിഷ്ക്കരിച്ച് വിജ്ഞാപനം

88 [2215] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ അധിഷ്ഠിത വ്യവസായ മേഖലയിലെ കുറഞ്ഞ വേതനം പരിഷ്ക്കരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ വിജ്ഞാപനം നടപ്പാക്കുന്നതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) അന്തിമ വിജ്ഞാപനം തയ്യാറാക്കിയതിൽ ചില അപാകതകൾ കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ മിനിമം വേതന ഉപദേശക സമിതി നിർദ്ദേശിച്ച പ്രകാരം അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള വിജ്ഞാപനം ഉടനെ പുറപ്പെടുവിക്കുന്നതാണ്.

അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം

89 [2216] ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർമാരെ നേരിട്ട് നിയമിക്കുന്നതിനുള്ള അനുപാതം എത്രയാണ്;

(ബി) അനുപാതം അനുസരിച്ച് നിയമനം നടത്തേണ്ട രീതി എങ്ങനെയാണെന്ന് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) സർക്കാരിന്റെ 29-8-1991-ലെ ജി.ഒ.(പി.) 61/91 നമ്പർ ഉത്തരവ് പ്രകാരമുള്ള അനുപാതം അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമന കാര്യത്തിൽ പാലിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) 1393 മുതൽ 2003 വരെയുള്ള കാലയളവിൽ ഓരോ വർഷവും ഈ അനുപാത പ്രകാരം നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ അനുപാതം അനുസരിച്ചുള്ള നിയമനങ്ങൾ നടത്തിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ജി) ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-8-1991-ൽ ജി.ഒ.(പി) നമ്പർ 68/91/തൊഴിൽ നമ്പരായി പുറപ്പെടുവിക്കപ്പെട്ടിട്ടുള്ള സ്പെഷ്യൽ റൂൾ അനുസരിച്ച്, ഒഴിവ് വരുന്നതിനുമുമ്പ് ഇതിലേക്ക് ഓപ്ഷൻ നൽകിയിട്ടുള്ള യു.ഡി. ക്ലാർക്കുമാരുടേയും നേരിട്ടുള്ള നിയമനത്തിന്റെയും അനുപാതം 3:1 എന്നായി നിജപ്പെടുത്തിയിരിക്കുന്നു.

(ബി) ഉണ്ട്.

(സി) 29-8-1991-ലെ ജി.ഒ.(പി) നം. 68/91/തൊഴിൽ ഉത്തരവു പ്രകാരമാണ് അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് നിലവിൽ നിയമനം നടക്കുന്നത്.

(ഡി ആന്റ് ഇ) 29-8-1991-ൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിനുമുമ്പ് സീനിയറായ യു.ഡി. ക്ലാർക്കുമാരിൽ നിന്നും, നേരിട്ടുള്ള നിയമനം വഴിയും നിയമിക്കപ്പെടുന്നവരുടെ അനുപാതം 2:1 എന്നായിരുന്നു. ഇതനുസരിച്ച് 1986-ൽ നേരിട്ടുള്ള നിയമനം കിട്ടേണ്ടവരുടെ അനുപാതത്തിൽ വന്ന 11 പേരുടെ കുറവ് പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുകയും തുടർന്ന് 1989-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും പ്രസ്തുത അനുപാതത്തിൽ 44 പേർക്ക് നിയമനം നൽകുകയും ചെയ്തു. അതിൽ 36 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചത്. ഇപ്രകാരം അവസാനം വന്നയാൾ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചത് 11-11-1991-ലാണ്.

29-8-1991-ൽ നിലവിൽ വന്ന ഇപ്പോഴത്തെ സ്പെഷ്യൽ റൂൾസ് പ്രകാരം അനുപാതം 3:1 എന്നായി മാറ്റിയപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം ലഭിച്ച്, അധികമായി വന്ന രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ആഫീസറന്മാരെ വകുപ്പിൽ തന്നെ നിലനിറുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. പുതിയ അനുപാതപ്രകാരം എണ്ണം ക്രമീകരിച്ച് നിലനിറുത്തുന്നതിനായി 20-6-2003 വരെ നേരിട്ടുള്ള നിയമനം നടത്തുകയുണ്ടായില്ല. 20-6-2003-ൽ നേരിട്ടു നിയമനം കിട്ടിയ സീനിയറായ 8 രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ആഫീസറന്മാർക്ക് ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ആഫീസർ/

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ/അഗ്രിക്കൾച്ചറൽ ലേബർ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ പ്രസ്തുത അനുപാതത്തിൽ കുറവുണ്ടായി. ഇപ്രകാരം ഉണ്ടായ ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്തുന്നതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിട്ടുണ്ട്.

(എഫ്) സ്പെഷ്യൽ റൂൾസ് അനുസരിച്ച് 3:1 എന്ന അനുപാതത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

(ജി) സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള അനുപാതം പാലിക്കുന്ന കാര്യത്തിൽ വീഴ്ചയുണ്ടായിട്ടില്ല.

കെ.എസ്.ആർ.ടി.സി. ഡിപ്പോ തുടങ്ങാൻ നടപടി

90 [2217] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കിയാൽ പുതിയ ബസ് ഡിപ്പോകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(ബി) പുതുതായി ബസ് ഡിപ്പോ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യം പഞ്ചായത്തുകൾ ലഭ്യമാക്കിയാൽ ബസ് ഡിപ്പോ തുടങ്ങുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) പുതുതായി ബസ്സ് ഡിപ്പോകൾ ആരംഭിക്കുന്നതിനേക്കാൾ നിലവിലുള്ള ബസ്സ് ഡിപ്പോകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ ശ്രമിക്കുന്നത്. നിലവിലുള്ള ബസ്സ് ഡിപ്പോകൾകൊണ്ടു തന്നെ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുമെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. സ്ഥലവും, അടിസ്ഥാന സൗകര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കിയാൽ തന്നെയും പുതിയ ഡിപ്പോകൾ നിലനിർത്തുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ഭരണപരമായ ചെലവുകൾ നികത്താൻ തക്കവണ്ണം ലാഭകരമായ രീതിയിൽ സർവ്വീസ് നടത്താനാകും എന്ന് കോർപ്പറേഷന് ഉത്തമബോധ്യമുള്ള പ്രദേശങ്ങളിൽ സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കിയാൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ

91 [2218] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly